# തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം.

(ഹാജർ: ജോർജ്ജ് മാത്യു)

നം. ഇ.ഇ 3/22969/12. തീയതി : 03.06.2013.

വിഷയം:- വ്യവസായം - ജീവനക്കാര്യം - 01.01.2009 മുതൽ 31.12.2010 വരെയുള്ള എൽ.ഡി ടൈപ്പിസ്റ്റുമാരുടെ ഫൈനൽ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി.സതി.എ, ശ്രീമതി.അനിത.കെ.എം എന്നിവരെ ഉൾപ്പെടുത്തുന്നത് -സംബന്ധിച്ച്.

പരാമർശം : - 1. വ്യവസായ വാണിജ്യ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 22.10.2011 ലെ ഇഇ3/6797/2011-ാം നമ്പർ നടപടിക്രമം.
2. 29.11.2012 ലെ സർക്കാരിൽ നിന്നുമുള്ള 22032/എ2/2012/വ്യവ നമ്പർ കത്ത്.
3. 19.03.2012 ലെ സർക്കാരിൽ നിന്നുമുള്ള 2753/എ2/12/വ്യവ നമ്പർ കത്ത്.
4.13.05.2013 ലെ സർക്കാരിൽ നിന്നുമുള്ള 10380/എ2/2013/വ്യവ നമ്പർ കത്ത്.

സൂചന (1) പ്രകാരം 01.01.2009 മുതൽ 31.12.2010 വരെയുള്ള കാലയളവിലെ എൽ.ഡി.ടൈപ്പിസ്റ്റുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. സൂചന (2) പ്രകാരം ശ്രീമതി.സതി.എ ജോലിയിൽ പ്രവേശിച്ച് ആറുമാസത്തിനകം ക്ലറിക്കൽ തസ്തികയിൽ ഓപ്ഷൻ നൽകാത്തതിനാൽ ടിയാളുടെ സീനിയോറിറ്റി ടൈപ്പിസ്റ്റ് കാറ്റഗറിയിൽ മാത്രമേ പരിഗണിക്കുവാൻ സാധിക്കുകയുള്ളുവെന്ന് സർക്കാർ അറിയിച്ചിരുന്നു. 01.01.2009 മുതൽ 31.12.2012 വരെയുള്ള എൽ.ഡി ടൈപ്പിസ്റ്റുമാരുടെ അന്തിമസീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി.സതി.എ -യെ 5(a) ആയി ഉൾപ്പെടുത്തുന്നതിലേയ്ക്കായി ടി സീനിയോറിറ്റി ലിസ്റ്റിലെ ബന്ധപ്പെട്ട കക്ഷികൾക്ക് ആക്ഷേപം/പരാതി ഉന്നയിച്ചു കൊണ്ടു നൽകിയ കത്തിന് യാതൊരുവിധ പരാതിയും ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ലഭിച്ചിട്ടില്ല. സൂചന(3) പ്രകാരം ശ്രീമതി.അനിത.കെ.എം -ന്റെ സീനിയോറിറ്റി മൃഗസംരംക്ഷണ വകുപ്പിൽ നിയമിച്ചു കൊണ്ടുള്ള ആദ്യ അഡ്വൈസ് വച്ചു നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സൂചന (4) പ്രകാരം 01.01.2009 മുതൽ 31.12.2010 വരെയുള്ള എൽ.ഡി ടൈപ്പിസ്റ്റുമാരുടെ ഫൈനൽ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി.സതി.എ, ശ്രീമതി.അനിത.കെ.എം എന്നിവരെ യഥാക്രമം 5(a), 7(a) ആയി ഉൾപ്പെടുത്താൻ സർക്കാരിൽ നിന്നും അനുമതി ലഭിച്ച സാഹചര്യത്തിൽ താഴെപറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉ ത്ത ര വ്

01.01.2009 മുതൽ 31.12.2010 വരെയുള്ള എൽ.ഡി.ടൈപ്പിസ്റ്റുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി.സതി.എ-യെ ക്രമ നമ്പർ 5(a) ആയും, ശ്രീമതി.അനിത.കെ.എം -നെ ക്രമ നമ്പർ 7(a) ആയും ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രകാരം ഉത്തരവാകുന്നു.

| Sl No. | Name | Date of birth | Qualification | Order No & date | Date of advice | Date of Joining | DRB | Remarks |
|---|---|---|---|---|---|---|---|---|
| 5(a) | Sathi.A | 31.05.1974 | S.S.L.C, Type writing English (Lower& Higher), Type Writing Malayalam (Lower&Higher) Computer Word Processing | CV(2)88/05(1) Dated:20.01.2010 | 20.01.2010 | 20.07.2010 | Kannur | |
| 7(a) | Anitha.K.M | 20.02.1972 | S.S.L.C, Type writing English (Lower& Higher), Type Writing Malayalam (Lower) Computer Word Processing, JDC, MOP | KGD(3)/1105/05 Dated:20.05.2011 | 20.05.2011 | 08.07.2011 | Kasargod | |

ഒപ്പ്-
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

സ്വീകർത്താവ്: -

1. ശ്രീമതി.സതി.എ, ജില്ലാ വ്യവസായ കേന്ദ്രം, കണ്ണൂർ,
2. ശ്രീമതി.അനിത.കെ.എം, ജില്ലാ വ്യവസായ കേന്ദ്രം, കാസർഗോഡ്.

(നിയന്ത്രണാധികാരി മുഖേന).

പകർപ്പ്:-

1. ജനറൽ മാനേജർ ജില്ലാ വ്യവസായ കേന്ദ്രം, കണ്ണൂർ.
2. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കാസർഗോഡ്
3. ഇ.ബി സെക്ഷൻ/ഇസി സെക്ഷൻ
4. സൂക്ഷിപ്പ് ഫയൽ / അധിക പകർപ്പ്.

ഉത്തരവിൻ പ്രകാരം,

Prasannan

ജൂനിയർ സൂപ്രണ്ട്.